"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - കയർ വികസനം - കേരള സ്റ്റേറ്റ് കയർ കോർപറേഷൻ - ക്രയവിലസ്ഥിരതാ പദ്ധതി 2024-25 - പദ്ധതി പ്രവർത്തങ്ങൾ സുഗമമായി തുടരുന്നതിന് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.1535/2025/ID തീയതി,തിരുവനന്തപുരം, 24-12-2025

---

പരാമർശം:-

1. 14.07.2025 ലെ സ . ഉ. (സാധാ) നം. 839/2025/വ്യവ.
2. 27.08.2025 ലെ സ . ഉ. (സാധാ) നം. 1131/2025/വ്യവ.
3. 22.09.2025 ലെ സ . ഉ. (സാധാ) നം. 1243/2025/വ്യവ.
4. കയർ വികസന ഡയറക്ടറുടെ 26/11/2025 തീയതിയിലെ ഡി.സി.ഡി/1311/2022-സിപി9 നമ്പർ കത്ത്.

**ഉത്തരവ്**

ക്രയവില സ്ഥിരതാ പദ്ധതി നടത്തിപ്പിനായി കേരള സ്റ്റേറ്റ് കയർ കോർപറേഷന് കഴിഞ്ഞ സാമ്പത്തിക വർഷം 2851-00-106-34 (പി) ശീർഷകത്തിൽ നിന്നും പരാമർശം (1) പ്രകാരം 11.67 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പരാമർശം (2) പ്രകാരം 5.95 കോടി രൂപയുടെയും പരാമർശം (3) പ്രകാരം 3 കോടി രൂപയുടെയും ധനാനുമതി നൽകുകയും ചെയ്തിരുന്നു. പദ്ധതി പ്രവർത്തനങ്ങൾ സുഗമമായി തുടരുന്നതിന് ബാക്കി ലഭിക്കുവാനുള്ള തുക അനുവദിക്കണമെന്ന് കയർ വികസന ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ക്രയവിലസ്ഥിരതാ പദ്ധതിയുടെ പ്രവർത്തനങ്ങൾ സുഗമമായി തുടരുന്നതിന്, കേരള സ്റ്റേറ്റ് കയർ കോർപറേഷന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയ 11,67,00,000/- രൂപയിൽ നിന്നും ഇനി ധനാനുമതി നൽകുവാൻ ബാക്കി നിൽക്കുന്ന 2,72,00,000/- രൂപ (രണ്ട് കോടി എഴുപത്തി രണ്ടു ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തിലെ 2851-00-106-34-(P) എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) ടി തുക പിൻവലിച്ച് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ പി.എസ്.റ്റി.എസ്.ബി. അക്കൗ ണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് കയർ വികസന ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

1. കയർ വികസന ഡയറക്ടർ, തിരുവനന്തപുരം.

2. മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കയർ കോർപറേഷൻ, ആലപ്പുഴ.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
5. ധനകാര്യ (ഐ&പി.ഡബ്ല്യ-എ) വകുപ്പ് (E 3181356/I&PW-A3/56/2025-Fin).
6. ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം.
7. വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ).
8. കരുതൽ ഫയൽ / ഓഫീസ് കോപ്പി (ഇ2/77/2025/വ്യവ).

ഉത്തരവിൻ പ്രകാരം

Signed by
Vidya Raj P
Date: 24-12-2025 16:55:46

സെക്ഷൻ ഓഫീസർ